# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

2014 ജൂലൈ 9, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 254)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : | 6452 മുതൽ 6531 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | 6532 മുതൽ 6565 വരെ |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | : | 6566 മുതൽ 6627 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | 6628 മുതൽ 6669 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | 6670 മുതൽ 6705 വരെ |

## വൈദ്യുതി ബോർഡിൽ മിഷൻ 676

6452 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' പദ്ധതി പ്രഖ്യാപനത്തിൽ വൈദ്യുതിയുല്പാദന വർദ്ധനയ്ക്കായി എന്തെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതിൽ വൈദ്യുതിബോർഡിന്റെ ബാധ്യതകൾ തീർക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) 'മിഷൻ 676' കാലഘട്ടത്തിൽ ലോഡ്ഷെഡിംഗ് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(ഡി) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതി നിരക്ക് കൂട്ടാതിരിക്കാൻ സ്ഥായിയായി എന്തെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

(ഇ) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതിബോർഡിലെ ധൂർത്ത് ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പ്രകൃതിവാതക വൈദ്യുതപദ്ധതികൾ</u>

6453 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിവാതകം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വൈദ്യുത പദ്ധതികളുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വൈദ്യുതപദ്ധതികൾക്കാവശ്യമായ പ്രകൃതിവാതകം ലഭ്യമാകുമെന്നുറപ്പുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജലവൈദ്യുത പദ്ധതികളുടെ ഉൽപാദനച്ചെലവും പ്രകൃതിവാതക പദ്ധതികളുടെ ഉൽപാദനച്ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ</u>

6454 ശ്രീ. കെ.എൻ.എ. ഖാദർ
,, കെ.എം. ഷാജി
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) എനർജി പാർക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി നേടാനായിട്ടുണ്ടന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ശരാശരി വിതരണ നഷ്ടം എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വൈദ്യുത സ്രോതസ്സുകളുടെ ഉല്പാദനശേഷിയും ഉല്പദാനവും

6455 ശ്രീ. എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതിബോർഡ് വൈദ്യുതോല്പാദനത്തിന് ഉപയോഗപ്പെടുത്തുന്ന സ്രോതസ്സുകളിൽ നിന്ന് പരമാവധി ഊർജ്ജോല്പാദനം നടത്താൻ സാധിക്കുന്നുണ്ടോ; ഓരോ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കാനാവുന്നതും ഇപ്പോൾ ഉല്പാദിപ്പിക്കുന്നതുമായ ഊർജ്ജത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം നല്കുമോ;

(ബി) വൈദ്യുതിബോർഡ് ഇതുവരെ വ്യാവസായികമായി ചൂഷണം ചെയ്യാത്ത മറ്റേതെങ്കിലും ഊർജ്ജ സ്രോതസ് സംസ്ഥാനത്ത് ലഭ്യമാണോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) പ്രസ്തുത സ്രോതസ്സുകൾ ഇതുവരെയും ചൂഷണം ചെയ്യാനാവാത്തതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ലഭ്യതക്കുറവിന് പരിഹാരം</u>

6456 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉത്തര-ദക്ഷിണ ഗ്രിഡുകൾ യോജിപ്പിച്ചുകൊണ്ടുള്ള ശൃംഖല രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉദുമൽപേട്ട-മാടക്കത്തറ ലൈനിലൂടെയുള്ള ഓവർലോഡ് കുറയ്ക്കുന്നതിന് മൈസൂർ-അരീക്കോട്-കൊച്ചി-ഇടമൺ ലൈനിന്റെ പൂർത്തീകരണം അടിയന്തിരമായി നടത്തുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിന്റെ ആസ്തിബാദ്ധ്യതകൾ</u>

6457 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.യുടെ പ്രതിമാസ വരുമാനവും പ്രതിമാസ ചെലവും ശരാശരി എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി.യുടെ കടം ലഘൂകരിക്കാനും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കായംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി</u>

6458 ശ്രീ. എ.കെ. ബാലൻ
,, രാജു എബ്രഹാം
,, സി.കെ. സദാശിവൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ നിലവിലെ ശേഷി എത്രയാണ്; അതിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കായംകുളം താപനിലയത്തിൽനിന്ന് പ്രതിവർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും; ഇതിൽ കഴിഞ്ഞ വർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കുകയുണ്ടായി; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളം ഉപയോഗിച്ചത്;

(സി) കായംകുളം നിലയത്തിന്റെ ശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് പ്രയാസമെന്താണെന്ന് അറിയിക്കുമോ;

(ഡി) കായംകുളത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നതിലെ നഷ്ടം പരിഹരിക്കുന്നതിന് മറ്റേതെങ്കിലും നിലയങ്ങളിൽനിന്ന് വൈദ്യുതി വിഹിതം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ</u>

6459 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി.ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) നിശ്ചിത ദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുകയും ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും പ്രകട മായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുള്ള ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ;

(സി) വർഷംതോറുമുണ്ടാകുന്ന ടൂറിസ്റ്റുകളുടെ വർദ്ധനവും വരുമാനത്തിലെ വർദ്ധനവും കണക്കിലെടുത്ത് ശനിയും ഞായറും മറ്റ് അവധി ദിവസങ്ങളിലും കൂടി പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം</u>

6460 ശ്രീ. സി. ദിവാകരൻ
'' ജി. എസ്. ജയലാൽ
'' ചിറ്റയം ഗോപകുമാർ
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന്റെ ഭാഗമായി തൊഴിലാളി യൂണിയനുകളും സർക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(സി) പുനസംഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കനേഡിയൻ കമ്പനിയുമായുള്ള വൈദ്യുതിക്കരാർ</u>

6461 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാക്കുന്നതിന് കനേഡിയൻ കമ്പനിയായ ടാൻജോേങ്ങുമായി സർക്കാർ എം.ഒ.യു. ഒപ്പിട്ടിരുന്നുവോ;

(ബി) എങ്കിൽ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി പ്രസ്തുത കനേഡിയൻ കമ്പനി ലഭ്യമാക്കിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി</u>

6462 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സർക്കാർ വാങ്ങുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളുമാണ് കേരളത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

ആർ. എ. പി. ഡി. ആർ. പി.

6463 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എ.പി.ഡി.ആർ.പി.യുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്; എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കിവരുന്നത്;

(സി) ഇതിനായി എന്തു തുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ചെലവഴിക്കുന്നത്;

(ഡി) ഇതിനകം എത്ര ശതമാനം പണികൾ പൂർത്തീകരിച്ചെന്നും; എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കുമോ;

(ഇ) മലപ്പുറം നഗരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ മലപ്പുറത്തെ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(എഫ്) ആർ.എ.പി.ഡി.ആർ.പി. നടപ്പാക്കിയിട്ടും മലപ്പുറത്ത് പഴകിയ വൈദ്യുതി കാലുകൾ, കമ്പികൾ, ഫാൾട്ടിമീറ്ററുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ജി) അടിയന്തരമായി അവ മാറ്റി സ്ഥാപിക്കുന്നതിനും പദ്ധതി പൂർണ്ണമായി നടപ്പാക്കാനും സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഇലക്ട്രിക്കൽ ഓപ്പൺ ഇന്നവേഷൻ സോണിന്റെ പ്രവർത്തനം

6464 ശ്രീ. എം.എ. വാഹീദ്
'' ജോസഫ് വാഴക്കൻ
'' ആർ. സെൽവരാജ്
'' പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക്കൽ ഓപ്പൺ ഇന്നവേഷൻ സോണിന്റെ പ്രവർത്തനം സ്റ്റാർട്ട് അപ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കാനാകുന്ന ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) സ്റ്റാർട്ട് അപ് വില്ലേജിലെ യുവ സംരംഭകരുടെ എത്ര പദ്ധതികൾക്ക് കെ.എസ്.ഇ.ബി പിന്തുണ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ധനസഹായമാണ് യുവ സംരംഭകർക്ക് നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി

6465 ശ്രീ. പാലോട് രവി
,, സി.പി. മുഹമ്മദ്
,, റ്റി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള പദ്ധതികളുടെ സ്ഥാപിതശേഷിയിൽ എത്ര മാത്രം വർദ്ധനവിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം പദ്ധതികളെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.ക്ക് പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക</u>

6466 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി കുടിശ്ശിക ഇനത്തിൽ ഏതൊക്കെ വൻകിട വ്യവസായ സ്ഥാപനങ്ങൾ എത്ര രൂപ വീതം നൽകുവാനുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ. ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ

6467 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി കേന്ദ്ര - സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല എന്നിങ്ങനെ എത്ര സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ കുടിശ്ശിക അടച്ച് സർവ്വീസ് പുന:സ്ഥാപിച്ച സ്ഥാപനങ്ങൾ ഏതെല്ലാം ; ഇതുവഴി എന്തു തുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ സാധിച്ചു; വിശദാംശം വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക അടയ്ക്കാത്ത ഏതെല്ലാം കേന്ദ്ര - സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ പേരിലാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത് ; ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ചു ; വ്യക്തമാക്കുമോ ;

(ഡി) ഒരു ദിവസം കഴിഞ്ഞാൽ വൈദ്യുതി ബിൽ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ ഉടൻ തന്നെ വിച്ഛേദിക്കുമ്പോൾ കേന്ദ്ര - സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ കോടികളുടെ കുടിശ്ശിക വരുത്തുന്നതും അവരുടെ കണക്ഷൻ മാത്രം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്ന നയം പുന:പരിശോധിച്ച് കണക്ഷൻ വിച്ഛേദിക്കുന്നതിന് ഒരേനയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വൻകിട ഉപഭോക്താക്കളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശികയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; എന്തു തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഉള്ളതെന്നറിയിക്കുമോ;

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

(എഫ്) കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തു തുകയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട് ; എന്തു തുകയുടെ ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

6468 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം കണക്കിലെടുത്തുകൊണ്ട് അതിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത്;

(സി) ഏറ്റവും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന ചീമേനി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതപദ്ധതികളിൽ നിന്നുള്ള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

6469 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വൈദ്യുതി ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

എൽ.എൻ.ജി. ഉപയോഗിച്ച് ബ്രഹ്മപുരത്ത് വൈദ്യുത പദ്ധതി

6470 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എൻ.ജി. ഉപയോഗിച്ച് ബ്രഹ്മപുരത്ത് പുതിയ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് എത്ര വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) എൽ.എൻ.ജി. യുടെ വിലയുമായി തട്ടിച്ചുനോക്കുമ്പോൾ ഇതുപയോഗിച്ച് നിർമ്മിക്കുന്ന വൈദ്യുതി എത്ര രൂപയ്ക്ക് ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

6471 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെറുകിട ജല വൈദ്യുത പദ്ധതികൾ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ ഗ്രാമീണ വൈദ്യുതീകരണ പദ്ധതികൾ</u>

6472 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉത്പാദനം</u>

6473 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട്; ഇതുവഴി എത്ര വൈദ്യുതിയാണ് കെ.എസ്.ഇ.ബി.ക്ക് ലഭിക്കുന്നത്;

(ബി) പാരമ്പര്യേതര വൈദ്യുതി ഉത്പാദനത്തിന് സ്വകാര്യ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പെറ്റ്കോക്ക് വൈദ്യുതി നിലയം</u>

6474 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം കോക്ക് (പെറ്റ്കോക്ക്) ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി നിലയം കൊച്ചിയിൽ സ്ഥാപിക്കാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പെറ്റ്കോക്കിൽ നിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്; പദ്ധതി എന്നാണ് ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നത്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തുതുകയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്; പദ്ധതിക്ക് എത്ര ഭൂമിയാണ് വേണ്ടത്; ഇതു ലഭ്യമായിട്ടുണ്ടോ;എങ്കിൽ എവിടെയാണ് ലഭ്യമായത്;

(ഡി) പെറ്റ്കോക്ക് ഉപയോഗിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ എത്ര രൂപ ചെലവുവരുമെന്നാണ് കണക്കാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് നടപടി</u>

6475 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ എത്രമാത്രം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വിവിധ ജലവൈദ്യുതപദ്ധതികൾക്കുള്ള പാരിസ്ഥിതികാനുമതി</u>

6476 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി, അച്ചൻകോവിൽ, കുരിയാർകുട്ടി-കാരപ്പാറ, പാത്രക്കടവ് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇവയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

വൈദ്യുതപദ്ധതികളുടെ നിർമ്മാണപുരോഗതി

6477 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലങ്ങാട്, ചാത്തൻകോട്ടുനട, വരാപ്പുഴ, പെരുന്തേനരുവി, കക്കയം, ആഢ്യൻപാറ, ചിമ്മിനി എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്ന് എത്രവീതം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ചെറായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ

6478 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികളിൽ എറണാകുളം എ. ഡി. എം. അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് തീയതി സഹിതം വ്യക്തമാക്കുമോ;

(സി) കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള റൂട്ട് ഇൻസ്പെക്ഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) കേസ് അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിനുള്ള സാഹചര്യം കണക്കിലെടുത്ത് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ചെറായി 110 കെ.വി സബ്സ്റ്റേഷൻ

6479 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നതു സംബന്ധിച്ച തർക്കത്തിൽ അഡ്വക്കേറ്റ് കമ്മീഷനും, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും കൂടി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് കമ്മീഷൻ തടസ്സവാദമുന്നയിച്ചിരുന്നുവോ; വിശദമാക്കുമോ;

(സി) ജോയിന്റ് ഇൻസ്പെക്ഷൻ പുനരാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പരാതികളിൽ എന്ന് തീർപ്പുകൽപ്പിക്കാനാകുമെന്നും, പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>രാജപുരത്ത് 110 കെ.വി സബ്സ്റ്റേഷൻ</u>

6480 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജപുരത്ത് 110 കെ.വി സബ്സ്റ്റേഷൻ അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച 33 കെ.വി. സബ്സ്റ്റേഷനുകൾ</u>

6481 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര 33 കെ.വി. സബ്സ്റ്റേഷൻ അനുവദിച്ചു; ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് പരിഗണിച്ചുവരുന്നത്; പരിഗണനയിലുള്ള 33 കെ.വി. സബ്സ്റ്റേഷനുകളുടെ പരിഗണനാലിസ്റ്റ്
ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിഗണനാലിസ്റ്റിൽ ഉൾപ്പെടുന്ന 33 കെ.വി. സബ്സ്റ്റേഷനുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

6482 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതി കണക്ഷൻ

6483 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ്, വെട്ടിവിട്ടക്കാട് എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>വോൾട്ടേജ് ക്ഷാമം</u>

6484 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

6485 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്; എവിടെയെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കിനാലൂവിൽ 110 കെ.വി. സബ് സബ്സ്റ്റേഷൻ</u>

6486 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിനാലൂർ കെ.എസ്.ഐ.ഡി. സിയിൽ സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുണ്ടായിട്ടും ഇതുവരെ കെ.എസ്.ഇ. ബി. സബ്സ്റ്റേഷന്റെ പണി തുടങ്ങാത്തത് എന്തുകൊണ്ടണെന്ന് വ്യക്തമാക്കുമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതി പ്രഖ്യാപനം ഉണ്ടായിട്ടും 110 കെ. വി. സബ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള പട്ടികജാതി അപേക്ഷകർ

6487 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത പട്ടികജാതി അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് എത്ര കാലാവധിക്കുള്ളിൽ കണക്ഷൻ നൽകുമെന്നും ആയതിന് ഏകദേശം എന്തു തുക ചെലവ് വരുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ സൗജന്യ വൈദ്യുതി പദ്ധതി</u>

6488 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സമ്പൂർണ്ണ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സമ്പൂർണ്ണ സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്രപേർക്ക് വൈദ്യുതി കണക്ഷൻ നൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ചടയമംഗലം മണ്ഡലത്തിലെ ഇലക്ട്രസിറ്റി ബോർഡ് ഓഫീസുകളിലെ അപ്ഗ്രഡേഷൻ നപടികൾ</u>

6489 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിന്റെ പരിധിയിലുള്ള ഇലക്ട്രിസിറ്റി ബോർഡ് ഓഫീസുകളിൽ ഏതെങ്കിലും തരത്തിലുള്ള അപ്ഗ്രഡേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആയതിനായുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സബ്സ്റ്റേഷനുകളുടെ നവീകരണ പ്രവർത്തനങ്ങൾ</u>

6490 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ് സ്റ്റേഷനുകൾ ഉണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സബ് സ്റ്റേഷനുകളുടെ നവീകരണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) സബ്സ്റ്റേഷനുകളുടെ നവീകരണം പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന ഊർജ്ജനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ
കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസുകൾ

6491 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ ഓരോന്നിന്റെയും പ്രവർത്തന പരിധി എത്ര ചതുരശ്ര കിലോ മീറ്റർ ആണെന്നും ഓരോ സെക്ഷൻ ഓഫീസിലും നിലവിലുള്ള കൺസ്യൂമർ സ്ട്രെങ്ത് എത്രയെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകളിൽ 25000 - ൽ കൂടുതൽ കൺസ്യൂമർമാർ ഉള്ള സെക്ഷൻ ഓഫീസുകൾ ഉണ്ടോ; എങ്കിൽ അത് ഏതാണ് എന്നറിയിക്കുമോ;

(ഡി) കൊയിലാണ്ടി സൗത്ത് സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ അന്ന് നടന്നിരുന്നുവോ; വിശദമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് നിലവിലുള്ള സെക്ഷൻ ഓഫീസ് വിഭജിച്ചു, പുതിയതായും എവിടെയെല്ലാം സെക്ഷൻ ഓഫീസുകൾ ആരംഭിച്ചുട്ടുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ കൺസ്യൂമർ സ്ട്രെങ്ത് എത്രയെന്ന് വിശദമാക്കുമോ;

(ജി) കൊയിലാണ്ടിയിൽ ചെങ്ങോട്ടുകാവിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നത് പരിഗണിക്കുമോ; എങ്കിൽ ആയത് വിഷൻ 676-ൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുത സെക്ഷൻ ഓഫീസുകൾ</u>

6492 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതിയതായി എത്ര വൈദ്യുത സെക്ഷൻ ഓഫീസുകൾ അനുവദിച്ചു; ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാനാണ് വിദ്യുച്ഛക്തി ബോർഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസുകൾ എന്നത്തേക്ക് ആരംഭിക്കും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് വലിയ പറമ്പിൽ പുതിയ സബ് എൻജിനീയർ ഓഫീസ്</u>

6493 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഊർജ്ജ വകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതിയതായി ഏതെങ്കിലും ഓഫീസ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) വലിയപറമ്പിൽ സബ്ബ് എൻജിനീയർ ഓഫീസ് ആരംഭിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ദുർബല വിഭാഗങ്ങൾക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ

6494 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ മുമ്പ് നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് ഏന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നുമുതലാണ് വൈദ്യുതി ബോർഡ് നിർത്തലാക്കിയത്; ഇതിന്റെ കാരണം വിശദമാക്കുമോ;

(സി) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് മൂന്ന് പോസ്റ്റുകൾ വരെ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുമായിരുന്ന സംവിധാനം പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ</u>

6495 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ബോർഡിന്റെ എത്ര ഗാർഹിക/എച്ച്.ടി. (വ്യാവസായികം) ഉപഭോക്താക്കളുടെ മീറ്ററുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളത്; തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുവഴി 2013-14 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് എന്തു തുക നഷ്ടമുണ്ടായിട്ടുണ്ട്;

(സി) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര കോടിരൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ചു നൽകുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ്; ഇതിൽ പൊതുമേഖല/സ്വകാര്യമേഖല എന്നിങ്ങനെ തരം തിരിച്ചും ഈ സ്ഥാപനങ്ങൾക്ക് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ബോർഡ് നൽകിയ തുക എത്രയെന്നും കുടിശ്ശിക ഇനത്തിൽ ഇനി എന്തു തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) നിലവിൽ മീറ്റർ വാടക വർദ്ധിപ്പിക്കാൻ ബോർഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റാതെ, ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ വാടക വർദ്ധിപ്പിക്കാനുള്ള കെ.എസ്.ഇ.ബി. തീരുമാനത്തിനെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

തെറ്റായ രീതിയിലുള്ള വൈദ്യുതി ഉപയോഗം

6496 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമപ്പെടുത്താൻ ഉപഭോക്താക്കൾക്ക് അവസരം നൽകാൻ വൈദ്യുതി ബോർഡ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം തെറ്റുകളാണ് ഈ പദ്ധതി പ്രകാരം ക്രമപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പുതിയ വൈദ്യുതി കണക്ഷന് വർദ്ധിപ്പിച്ച മീറ്റർ വാടക</u>

6497 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് മീറ്റർ വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും അപ്രകാരം വർദ്ധനവു വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാനുണ്ടായ സാഹചര്യങ്ങളും വ്യക്തമാക്കുമോ;

(സി) വൈദ്യുതി നിരക്ക് വർദ്ധനവ് മൂലമുണ്ടായിട്ടുള്ള അധികഭാരം തന്നെ ഉപഭോക്താക്കൾക്ക് താങ്ങാനാകാത്ത സാഹചര്യത്തിൽ മീറ്റർ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്</u>

6498 ശ്രീ. എ.കെ ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള എത്ര ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഓരോ സ്ക്വാഡിന്റെയും ഘടന എപ്രകാരമാണ്; സ്ക്വാഡിന്റെ തലവൻ ആരാണ്;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര രൂപയുടെ വൈദ്യുതി മോഷണം പ്രസ്തുത സ്ക്വാഡ് കണ്ടുപിടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) നിലവിൽ സ്ക്വാഡിന് നേതൃത്വം നൽകുന്ന പോലീസ് മേധാവികളെ മാറ്റി ബോർഡിലെതന്നെ എഞ്ചിനീയർമാരെ സ്ക്വാഡുതലവന്മാരാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം</u>

6499 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷ്ടിച്ചത് കണ്ടെത്തിയിട്ടുണ്ട്; ആയതുപ്രകാരം എന്തുതുക പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതിബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്; അവർ ആരെല്ലാം; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെയാണ് ബോർഡ് നടപടി സ്വീകരിച്ചത്; എപ്രകാരമുള്ള നടപടികൾ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി മോഷണം തടയാൻ നൂതനമായ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

6500 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും അപകട മരണങ്ങൾ മുൻകാലങ്ങളിലേതിനേക്കാൾ കൂടുതലായി ഉണ്ടാകുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ട പരിഹാരം</u>

6501 ശ്രീ.ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്ജ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് വൈദ്യുതി ബോർഡ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) അപകടങ്ങളുമായി മായി ബന്ധപ്പെട്ട് വ്യവഹാരത്തിന് പോകാത്തവർക്ക് ഒരു നിശ്ചിത തുക ധനസഹായമായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതി അപകടങ്ങൾ</u>

6502 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011, 2012, 2013, 2014 വർഷങ്ങളിൽ വൈദ്യുതി അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ; അതിൽ വൈദ്യുതി ബോർഡ് ജീവനക്കാർ, കരാറുകാർ, പൊതുജനങ്ങൾ എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ബി) സുരക്ഷാ സംവിധാനങ്ങളുടെയും ആധുനിക പണിയായുധങ്ങളുടെയും ഗുണമേന്മയുള്ള സാധനസാമഗ്രികളുടെയും അഭാവം പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വൈദ്യുതി അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പെരിങ്ങൽകുത്ത് - പുളിയിലപ്പാറയിലെ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ അനുമതി</u>

6503 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പെരിങ്ങൽകുത്ത് - പുളിയിലപ്പാറയിൽ ആറു പതിറ്റാണ്ടുകളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ അനുമതി റവന്യൂ വകുപ്പിന് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വൈദ്യുതി ബോർഡ് ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ

6504 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് ബാധകമായ കെ.എസ്.ആർ., കെ.എസ്.എസ്.ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയാക്കുമ്പോഴും ബാധകമായിരിക്കുമോയെന്നറിയിക്കുമോ;

(ബി) കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ എന്തായിരിക്കുമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ മസ്ദൂർ തസ്തികയിലെ നിയമനങ്ങൾ</u>

6505 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി വകുപ്പിൽ ആകെ എത്ര മസ്ദൂർ തസ്തികകളാണുള്ളത്; അവയിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ടുചെയ്തിട്ടുള്ളത്; ഇനിയും റിപ്പോർട്ടു ചെയ്യാനായി എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ലൈൻമാൻമാരുടെ എണ്ണവും ചുമതലകളും</u>

6506 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലും ശരാശരി എത്ര ലൈൻമാൻമാരുടെ തസ്തികകളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) ലൈൻമാൻമാരുടെ എണ്ണം നിശ്ചയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്;

(സി) ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി കണക്ഷനുകളുടെ എണ്ണം കുറവും പട്ടണങ്ങളിൽ കണക്ഷനുകളുടെ എണ്ണം കൂടുതലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്നാൽ ഈ വർദ്ധനവിന് അനുസരിച്ച് ലൈൻമാൻമാരുടെ എണ്ണം പട്ടണങ്ങളിൽ കുറവാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) മുൻകാലങ്ങളിൽ ഓരോ ലൈൻമാൻമാർക്കും പ്രത്യേകം ഏരിയ നിശ്ചയിച്ചു നൽകിയിരുന്നത് എന്നു മുതലാണ് ഒഴിവാക്കിയത്; ഇങ്ങനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ലൈൻമാൻമാർക്ക് പ്രത്യേക പ്രദേശത്തിന്റെ ചുമതല നൽകാത്തതിനാൽ വൈദ്യുത ലൈനുമായി ബന്ധപ്പെട്ട ഏതു പ്രശ്നംവന്നാലും വ്യക്തിപരമായ ഉത്തരവാദിത്വം ലൈൻമാർക്ക് ഇല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഗ്രാറ്റുവിറ്റിയുടെ പലിശ തിരിച്ചുപിടിച്ച നടപടി</u>

6507 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ 1994-നു ശേഷം വിരമിച്ച ജീവനക്കാർക്ക് വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റി സംഖ്യയുടെ അർഹമായ പലിശ തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) കേന്ദ്രഗ്രാറ്റുവിറ്റി നിയമപ്രകാരം വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റിക്ക് അർഹമായ പലിശ നൽകണമെന്ന കോടതിവിധി നിലവിലുണ്ടോ;

(സി) വിരമിച്ച ജീവനക്കാർക്ക് അർഹമായി ലഭിക്കേണ്ട പലിശ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>കൊറിയൻ കമ്പനിയുമായി കരാറുണ്ടാക്കിയ സൗരോർജ്ജ പദ്ധതി</u>

6508 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച് അനുമതി നൽകി കൊറിയൻ കമ്പനിയുമായി കരാറുണ്ടാക്കിയ സൗരോർജ്ജ പദ്ധതി റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റദ്ദാക്കാനിടയായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൊറിയൻ കമ്പനിയെക്കുറിച്ച് ബോർഡിന്റെ പ്ലാനിംഗ് വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാമാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഓൺഗ്രിഡ് സോളാർ യൂണിറ്റുകൾ

6509 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ പാനലുകളിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി കെ. എസ്. ഇ. ബി ലൈനുകളിലേക്ക് കടത്തി വിടാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച കരടുചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ. എസ്. ഇ. ബി. ലൈനുകളിലേക്ക് കടത്തി വിടാനും പിന്നീട് ആവശ്യം വരുമ്പോൾ തിരികെ സ്വീകരിച്ച് ഉപയോഗിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്ഥാപനങ്ങളില്‍ സൗരോര്‍ജ്ജ നിലയങ്ങള്‍</u>

6510 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ആര്‍. സെല്‍വരാജ്
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്ഥാപനങ്ങളില്‍ സൗരോര്‍ജ്ജ നിലയങ്ങള്‍ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡല്‍ ഏജന്‍സി ഏതാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഓൺഗ്രിഡ് സോളാർ റെഗുലേഷനുകൾ</u>

6511 ശ്രീ. ഇ. പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി
,, ബി. സത്യൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും റെഗുലേഷനുകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം നിലയങ്ങളിൽനിന്ന് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങുകയെന്ന് അറിയിക്കുമോ;

(സി) സോളാർ വൈദ്യുതി ബാങ്കുചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടോ; ഇതിന് എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ഡി) 2014-15 സാമ്പത്തികവർഷത്തിൽ എത്ര മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപാദനമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്; ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>അനെർട്ടിനെ ശക്തിപ്പെടുത്തുന്നതിന് നടപടി</u>

6512 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജം ഉപയോഗിച്ച് ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുതികമ്മി നേരിടുന്നതിന് അനെർട്ടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഗ്രിഡ്ബന്ധിത സൗരോർജ്ജപദ്ധതി വികസനം</u>

6513 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രിഡ്ബന്ധിത സൗരോർജ്ജപദ്ധതി വികസനത്തിന് കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളത് ; പദ്ധതി നടപ്പാക്കുന്നതിന് കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) എത്ര മെഗാവാട്ട് ശേഷിയുള്ള പ്ലാന്റാണ് ഓരോ സ്ഥലത്തും സ്ഥാപിക്കുന്നത് ; എന്നത്തേക്ക് ഉല്പാദനം ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ഡി) വൈദ്യുതി ഉല്പാദനച്ചെലവ് എത്ര രൂപ വരെയാകും എന്നറിയിക്കുമോ; എത്ര രൂപയ്ക്ക് കമ്പനി വൈദ്യുതി കെ.എസ്.ഇ.ബി. ക്ക് കൈമാറും; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ലാഭപ്രഭ പദ്ധതി</u>

6514 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര പേർക്കാണ് സി.എഫ്. ലാമ്പുകൾ സൗജന്യമായി നൽകിയത്. ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഇതിനാവശ്യമായ തുക എവിടെ നിന്നാണ് കണ്ടെത്തിയത്;

(ബി) ലാഭപ്രഭയിൽ സമ്മാനമായി എത്ര സൗരറാന്തലുകളാണ് വിതരണം ചെയ്തത്;

(സി) എത്ര സ്കൂളുകളിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചത്; ഇവ എവിടെയെല്ലാമാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

റെയിൽവേയുടെ അവഗണന

6515

ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ വൻതോതിൽ യാത്രാ-ചരക്കുകൂലികൾ വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും പണം കണ്ടെത്തലാണ് ചാർജുവർദ്ധനയ്ക്കുള്ള കാരണമായി പറയുമ്പോഴും നാളിതുവരെയുള്ള വർദ്ധനവിലൂടെ സംസ്ഥാനത്ത് അവശ്യംവേണ്ടുന്ന സൗകര്യങ്ങളൊന്നും റെയിൽവേ ഏർപ്പെടുത്തുകയുണ്ടായില്ല എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(സി) നിരക്ക് വർദ്ധനവിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന റെയിൽവേ സംസ്ഥാനത്ത് മുൻബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും നടപ്പിലാക്കാതെ സംസ്ഥാനത്തോട് അവഗണന കാട്ടുകയാണെന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സബർബൻ റെയിൽ പദ്ധതി</u>

6516 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബർബൻ റെയിൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് റെയിൽവേ അധികൃതരുടെ അഭിപ്രായമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയെക്കുറിച്ച് പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരെയാണ് നിശ്ചയിച്ചിരുന്നത്; ആയത് ടെണ്ടർ നടപടിക്രമത്തിലൂടെ ആയിരുന്നുവോ; ഇതിന് ഫീസായി എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് ഏതു കമ്പനിയെയാണ് കൺസൽട്ടിംഗ് ഏജൻസിയായി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) സബർബൻ റെയിൽ പദ്ധതി നടപ്പിലാക്കിയ മറ്റുസംസ്ഥാനങ്ങളിൽ ഇതിലേക്കായി പ്രത്യേക പാത നിർമ്മിച്ചിട്ടുണ്ടായിരുന്നുവോ; സംസ്ഥാനത്ത് പദ്ധതിക്കായി പ്രത്യേക പാത ഉദ്ദേശിക്കുന്നുണ്ടോ; പ്രത്യേക പാതയില്ലാതെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി</u>

6517 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറി എന്നാണ് പ്രഖ്യാപിക്കപ്പെട്ടത്; പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തു; അതിന് എന്തു തുക ചെലവഴിച്ചു; പ്രസ്തുത ഭൂമി റെയിൽവേക്ക് കൈമാറിയോ; എങ്കിൽ എന്ന് എന്നറിയിക്കുമോ;

(ബി) പ്രസ്തുത ഫാക്ടറിയുടെ നിർമ്മാണ പൂർത്തീകരണത്തിനായി എന്തു തുക ചെലവുവരുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) 23.01.2014 ന് അന്നത്തെ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന സർക്കാറിനെ സമയാസമയങ്ങളിൽ അറിയിക്കുവാൻ നിർദ്ദേശിച്ചപ്രകാരം റെയിൽവേ സംസ്ഥാന സർക്കാരിന് ആയതു സംബന്ധമായി എന്തെല്ലാം റിപ്പോർട്ടുകൾ ആണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

6518 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ സ്ഥാപിതമായത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്റ്റേഷന്റെ പരിമിതികളും യാത്രക്കാർക്ക് മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റെയിൽവേ സ്റ്റേഷന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫോം എക്സ്റ്റെൻഷനും റെയിൽവേ മേൽപാലവും വന്നതോടെ പന്തലായനി-പെരുവട്ടാർ ഭാഗത്തുള്ള ജനങ്ങൾക്ക് കൊയിലാണ്ടി ടൗണിലേക്ക് കാൽനടയായി വരുന്നതിന് സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് വേണം എന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിൽ റെയിൽ മുറിച്ചു കടക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഒരു കുട്ടിയടക്കം നിരവധി പേർ സമീപകാലത്ത് ട്രെയിൻ തട്ടി മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(എഫ്) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാനും ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാനും ഫുട്ട്ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ജി) പ്രസ്തുത ഫുട്ട് ഓവർ ബ്രിഡ്ജിന്റെ ആവശ്യകത സ്ഥലം എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമെന്ന നിലയിൽ ഇക്കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

റെയിൽവെയുടെ അന്യാധീനപ്പെടുന്ന സ്ഥലം സംരക്ഷിക്കാൻ നടപടി

6519 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-പുനലൂർ ബ്രോഡ്ഗേജ് മാറ്റവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് മാറ്റിയതിനാൽ നിരവധി സ്ഥലങ്ങളിൽ റെയിൽവെയുടെ സ്ഥലം അന്യാധീനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ;

(സി) അത്യന്താപേക്ഷിത പ്രദേശങ്ങളിൽ ഒഴികെ റെയിൽവെയുടെ പ്രസ്തുതസ്ഥലം സർക്കാർ മന്ദിരങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് അധിക കോച്ചുകൾ</u>

6520 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രി 9.10 ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ഗുരുവായൂർ ചെന്നൈ എഗ്മൂർ എക്സ്പ്രസിന് നിലവിൽ എത്ര സ്ലീപ്പർ, എ.സി. ടൂടയർ, ത്രീടയർ കോച്ചുകൾ ആണ് ഉള്ളത്;

(ബി) ഗുരുവായൂർ അമ്പലദർശനത്തിന് തമിഴ്നാട്ടിൽ നിന്നും തെക്കൻ കേരളത്തിൽ നിന്നും എത്തുന്ന ഭക്തന്മാരും, മദ്ധ്യ കേരളത്തിൽ നിന്ന് തിരുവനന്തപുരം ആർ.സി. സി, ശ്രീചിത്ര തുടങ്ങിയ ആശുപത്രികളിൽ പോകുന്നതിനായി നിരവധി യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത ട്രെയിനിൽ ആഴ്ചകൾക്കുമുമ്പുതന്നെ സീറ്റ്/ബെർത്ത് റിസർവേഷനുകൾ വെയിറ്റിംഗ് ലിസ്റ്റ് ആകുന്നതു പരിഗണിച്ച് കൂടുതൽ സീറ്റ്/ബെർത്ത് സൗകര്യം ലഭിക്കുന്നതിനായി പ്രസ്തുത ട്രെയിനിൽ അഡീഷണൽ കോച്ചുകൾ അനുവദിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

റെയിൽവേ ക്ലെയിംസ് ട്രിബ്യൂണലിൽ നിന്നുള്ള നഷ്ടപരിഹാരം

6521 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റെയിൽവേ ക്ലെയിംസ് ട്രിബ്യൂണലിൽ നിന്ന് ട്രെയിൻ യാത്രികർക്ക് ഏതെല്ലാം കാര്യങ്ങൾക്ക് റെയിൽവേയിൽനിന്ന് നഷ്ടപരിഹാരം നേടാനാകും;

(ബി) പ്രസ്തുത ട്രിബ്യൂണലിൽ എത്ര കേസ്സുകൾ പരിഗണനയിൽ ഉണ്ട് എന്നറിയാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) മറ്റു റെയിൽവേ ട്രിബ്യൂണലുകളെ അപേക്ഷിച്ച് കേരളത്തിൽ റെയിൽവേ ക്ലെയിം കേസുകൾ കുറവാണോ; കാരണം വിശദമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

6522 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ട്രെയിനുകളിൽ സ്ത്രീകൾക്കുള്ള കോച്ച് മധ്യഭാഗത്താക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ക്വാറികള്‍ക്കും ക്രഷറുകള്‍ക്കും അനുമതി നല്‍കുന്നതിന്റെ മാനദണ്ഡങ്ങള്‍</u>

6523 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്വാറികളും ക്രഷറുകളും ഗ്രാനൈറ്റ് ഖനന കേന്ദ്രങ്ങളും പ്രവര്‍ത്തിക്കുവാന്‍ മലിനീകരണ നിയന്ത്രണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ;

(ബി) എങ്കില്‍ അനുമതി നല്‍കാന്‍ സ്വീകരിക്കുന്ന മാനദണ്ഡങ്ങള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉൽപാദനം

T6524 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്ലാന്റ് സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത്;

(സി) പ്ലാന്റിന്റെ സ്ഥാപനത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രസ്തുത പ്ലാന്റിൽനിന്ന് ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) എന്തു തുകയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) പ്ലാന്റിനായി എത്ര സ്ഥലം ഉപയോഗിക്കേണ്ടി വരും; മാലിന്യങ്ങൾ ദുർഗന്ധപൂരിതമാകാതിരിക്കാൻ പ്ലാന്റിൽ സജ്ജീകരണങ്ങളുണ്ടാകുമോ;

(ജി) പ്ലാന്റ് സ്ഥാപിക്കുന്നതിനുമുമ്പ് പൊതുജനങ്ങളെ ആയത് ബോധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>മാലിന്യങ്ങളിൽനിന്ന് വൈദ്യുതി</u>

T6525

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും നഗരങ്ങളിൽ മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>

6526

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) അംഗീകാരം നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഇ- വേസ്റ്റ് മാനേജ്മെന്റ്</u>

T6527 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ-മാലിന്യങ്ങള്‍ വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) ഇ-വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധതികളും നിര്‍ദ്ദേശങ്ങളും അറിയിക്കുമോ ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>മലിനീകരണ നിയന്ത്രണ ബോർഡിന്റെ അന്വേഷണ റിപ്പോർട്ടുകൾ</u>

6528 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസുകളിൽ നിന്ന് സർക്കാരിന് നൽകുന്ന അന്വേഷണ റിപ്പോർട്ടുകൾ പലതും പ്രഹസനമാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന പരിസ്ഥിതി വകുപ്പ് മലിനീകരണ നിയന്ത്രണ ബോർഡിന് ഇതുസംബന്ധിച്ച് എന്തെങ്കിലും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പരിശോധകരെ സ്വാധീനിച്ച് അനുകൂല റിപ്പോർട്ടുകൾ അയയ്ക്കുന്നത് തടയാനും പരാതികളിൽ ന്യായമായ തീരുമാനം ഉണ്ടാക്കാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>കാര്യക്ഷമമായ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ</u>

6529 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി.എ മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഭരണതലത്തിൽ മാറ്റങ്ങൾ വരുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം</u>

6530 ശ്രീ. വർക്കല കഹാർ
'' കെ. മുരളീധരൻ
'' വി. പി. സജീന്ദ്രൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓൺലൈൻ കൺസന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനങ്ങളും സവിശേഷകതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) മലിനീകരണ നിയന്ത്രണരംഗം എത്രമാത്രം ശക്തിപ്പെടുത്താനാണ് പ്രസ്തുത സംവിധാനം വഴി ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനത്തിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ</u>

6531 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിലേക്ക് നേരിട്ട് നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?